**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6456** **01.07.2014-ൽ മറുപടിയ്ക്ക്**

# വൈദ്യുതി ലഭ്യതക്കുറവിന് പരിഹാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ വൈദ്യുതി ലഭ്യതക്കുറവ് പരിഹരിക്കുവാൻ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ ; | (എ) ഉണ്ട്. കേരളം ഉൾപ്പെടുന്ന തെക്കൻ മേഖലയിലേക്ക് വൈദ്യുതി എത്തിക്കാനുള്ള ഇടനാഴിയുടെ (transmission corridor) അപര്യാപ്തത മൂലം മറ്റു മേഖലകളിൽ നിന്ന് കരാർ ചെയ്ത വൈദ്യുതിയുടെ ചെറിയ ഒരു അംശം പോലും പലപ്പോഴും കേരളത്തിലേയ്ക്ക് എത്തിക്കാനാകാത്ത സാഹചര്യത്തിൽ തെക്കൻ മേഖലയിലുള്ള പദ്ധതികളിൽ നിന്നു മാത്രമായി വൈദ്യുതി കരാർ ചെയ്യുന്നുണ്ട്. ഇപ്രകാരം 2014 ജൂൺ മുതൽ 2015 ജനുവരി വരെ 348.5 മെഗാവാട്ടും തുടർന്ന് മെയ് വരെ 523.5 മെഗാവാട്ടും 2015 ജൂൺ മുതൽ 2016 മെയ് വരെ 300 മെഗാവാട്ടും ദക്ഷിണ മേഖലയിൽ നിന്ന് കരാർ ചെയ്തിട്ടുണ്ട്. |
| (ബി) ഉത്തര - ദക്ഷിണ ഗ്രിഡുകൾ യോജിപ്പിച്ചു കൊണ്ടുള്ള ശൃംഖല രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) ഉത്തര - ദക്ഷിണ ഗ്രിഡുകൾ തമ്മിൽ യോജിപ്പിക്കുന്നതിന് കിഴക്ക പടിഞ്ഞാറൻ ഗ്രിഡ് വഴി നിലവിൽ ലൈനുകൾ ഉണ്ട്. |
| (സി) ഉദുമൽപേട്ട – മാടക്കത്തറ ലൈനിലൂടെയുള്ള ഓവർലോഡ് കുറയ്ക്കുന്നതിന് മൈസൂർ - അരീക്കോട് – കൊച്ചി – ഇടമൺ ലൈനിന്റെ പൂർത്തീകരണം അടിയന്തിരമായി നടത്തുമോ ; വ്യക്തമാക്കുമോ ? | (സി) മൈസൂർ - അരീക്കോട് 400 കെ.വി. ലൈനിന്റെയും ഇടമൺ - കൊച്ചി 400 കെ.വി. ലൈനിന്റെയും നിർമ്മാണം പവർ ഗ്രിഡ് കോർപ്പറേഷനാണ് നിർവ്വഹിക്കുന്നത്.<br>എന്നാൽ Right of way സംബന്ധിച്ച തർക്കങ്ങൾ മൂലം നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ.**